# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

ആറ്റുകാൽ, തിരുവനന്തപുരം-9

നമ്പർ ഇ3/73/എബിറ്റിറ്റി/2019/591 തീയതി : 03.04.2019

## റീ ടെൻഡർ

## നല്ലെണ്ണ സപ്ലൈ

ആറ്റുകാൽ ഭഗവതിക്ഷേത്രത്തിൽ 1-4-2019 മുതൽ 31-3-2020 വരെ പവിത്രം/സ്വർണ്ണം നല്ലെണ്ണ **സപ്ലൈ** ചെയ്യുന്നതിന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 10.04.2019 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും, 10.04.2019 വൈകുന്നേരം 4.45ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുന്നതുമാണ്.

***ടെൻഡർ നിബന്ധനകൾ***

1. നിരതദ്രവ്യതുകയായ 5,000/-രൂപ ( അയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. കവറിനു മുകളിൽ വ്യക്തമായി ഇന്ന കോൺട്രാക്റ്റിനുള്ള ടെൻഡർ എന്നെഴുതുകയും ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും മേൽവിലാസവും കവറിനു പുറത്ത് രേഖപ്പെടുത്തേണ്ടതുമാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ ഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. ക്ഷേത്രത്തിലേയ്ക്കാവശ്യമുള്ള നല്ലെണ്ണ ക്ഷേത്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന സമയങ്ങളിൽ ആവശ്യാനുസരണം സപ്ലൈ ചെയ്യേണ്ടതാണ്.
   (1) നല്ലെണ്ണ 15 കിലോ/ലിറ്റർ (2) നല്ലെണ്ണ 5 കിലോ/ലിറ്റർ
   (3) നല്ലെണ്ണ 50 എം.എൽ., (4) നല്ലെണ്ണ 100 എം.എൽ., (5) നല്ലെണ്ണ 200 എം.എൽ.
   (6) നല്ലെണ്ണ 500 എം.എൽ. (7) നല്ലെണ്ണ 1000 എം.എൽ.
   എന്നിവയുടെ റേറ്റുകൾ പ്രത്യേകമായി ടെൻഡറിൽ രേഖപ്പെടുത്തേണ്ടതാണ്.
3. ടെണ്ടർ പ്രകാരം നൽകുവാൻ ഉദ്ദേശിക്കുന്ന പവിത്രം/സ്വർണ്ണം നല്ലെണ്ണ പരിശുദ്ധവും കെടാവിളക്കിലും മറ്റു ക്ഷേത്ര വിളക്കുകളിലും ഉപയോഗിക്കാൻ യോഗ്യമായതുമായിരിക്കേണ്ടതാണ്. കാലാകാലങ്ങളിൽ മേൽപറഞ്ഞ എണ്ണയുടെ പരിശുദ്ധി പരിശോധനാ വിധേയമാക്കുന്നതാണ്. അശുദ്ധമാണെന്ന് ബോദ്ധ്യപ്പെട്ടാൽ ടെണ്ടർ റദ്ദു ചെയ്യുവാനും സെക്യൂരിറ്റി തുക ട്രസ്റ്റിലേയ്ക്ക് മുതൽ കൂട്ടാനുമുള്ള പൂർണ്ണ അധികാരവും അവകാശവും സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
4. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായി 10,000 (പതിനായിരം രൂപ മാത്രം) ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
5. ടെൻഡർ കാലയളവിൽ യാതൊരു കാരണവശാലും നിരക്കുകൾ വർദ്ധിപ്പിക്കുന്നതല്ല.
6. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/സ്ഥാപനം ഈ അവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടുള്ളതല്ല.
7. കരാർ ലംഘനം നടത്തിയതായി കാണുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
8. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അവകാശവും അധികാരവും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമയിരിക്കും.
9. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

സെക്രട്ടറി
ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

ടെൻഡറുകാരന്റെ പേരും ഒപ്പും :
സ്ഥലം :
തീയതി :

നോട്ടീസ് ബോർഡ് : ക്ഷേത്രം
ഓഫീസ്

പകർപ്പ്: പ്രസിഡന്റ്, എബിറ്റിറ്റി
കൺവീനർ, ക്രയവിക്രയ കമ്മിറ്റി, എബിറ്റിറ്റി